LIBRARY ARCHIVES Kerala Legislative Assembly

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

51 (56) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽനിന്നും ഏതെല്ലാം വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്;

(ബി) ഇത് സംബന്ധമായി ഇറങ്ങിയ ഉത്തരവുകളിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തുകയുണ്ടായോ; തീരുമാനം വിശദമാക്കാമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചതിന്റെ ലക്ഷ്യം എന്തായിരുന്നു; ഇത് ചില വകുപ്പുകളുടെ കാര്യത്തിൽ വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിന്റെ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ.(എംഎസ്.)നമ്പർ 228/14/പൊ.ഭ.) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (5-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 1/15/പൊ.ഭ.വ., 8-1-2015-ലെ സ.ഉ.(എംഎസ്.)നമ്പർ 09/15/പൊ.ഭ.വ.) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഇത് സംബന്ധിച്ച് അംഗീകരിച്ച പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. മറ്റു കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

52 (57) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ മൂന്നു ക്ലാർക്കിന് ഒരു ടൈപ്പിസ്റ്റ് എന്ന അനുപാതം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിൽ വരുത്തുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ അർഹമായ ടൈപ്പിസ്റ്റ് തസ്തിക അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.